**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3313** **15-02-2024 - ൽ മറുപടിയ്ക്ക്**

**കായംകുളം മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പാലങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കായംകുളം മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച കനീസാകടവ് പാലം, കോയിക്കൽ പടിക്കൽ പാലം, മാർക്കറ്റ് പാലം എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ? | (എ) | കനീസാകടവ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തികളുമായി ബന്ധപ്പെട്ട സാമൂഹിക ആഘാതപഠനം പൂർത്തിയായിട്ടുണ്ട്. പാലം നിർമ്മാണത്തിനായി ഏറ്റെടുക്കേണ്ട ഭൂമിയുടെയും, നിർമ്മിതികളുടെയും വില നിർണ്ണയിക്കുന്ന നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.<br><br>കോയിക്കപ്പടി പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട സാമൂഹിക ആഘാതപഠനം പുരോഗമിച്ചുകൊണ്ടിരിക്കുന്നു.<br><br>മാർക്കറ്റ് പാലം നിർമ്മിക്കുന്നതിനായി ഏറ്റെടുക്കേണ്ട ഭൂമിയുടെ അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിയുടെ കരാർ ഉടമ്പടി ആയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ